# Deepika

## 28 August 2018

## Kochi:  Angamaly, After flood, Mental checkup



പൊതുവിശേഷം

### സുബോധനയിൽ അതിജീവന പരിശീലനം ഇന്ന്

**അങ്കമാലി:** പ്രളയബാധിതരെ മാനസികമായി സഹായിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പ്രത്യാശ നൽകുന്നതിനുമായി ശാസ്ത്രീയ പരിശീലനം നല്കാൻ എറണാകുളം-അങ്കമാലി അതിരൂപതയുടെ കുടുംബകൂട്ടായ്മ വിഭാഗം അങ്കമാലി സുബോധനയിൽ നാളെ 'ഉയർത്തെഴുന്നേൽപ്പ്' എന്ന പേരിൽ ഇന്ന് ഏകദിന പരിശീലനം നടത്തും.

വൈദികർ, സന്യസ്തർ കുടുംബ യൂണിറ്റ് ഭാരവാഹികൾ, കൗൺസിലിംഗ് രംഗത്ത് പ്രാവീണ്യമുള്ളവർ, സോഷ്യൽ വർക്കേഴ്സ്, റിട്ടയേർഡ് അധ്യാപകർ തുടങ്ങിയ സന്നദ്ധപ്രവർത്തകർക്കാണ് പരിശീലനം നൽകുന്നത്. രാവിലെ ഒമ്പത് മുതൽ ഉച്ചകഴിഞ്ഞു 3.30 വരെയാണ് പരിശീലനം. പ്രവേശനം സൗജന്യമായിരിക്കുമെന്ന് ഡയറക്ടർ ഫാ. രാജൻ പുന്നക്കൽ അറിയിച്ചു.

കൗൺസിലിംഗ് മനഃശാസ്ത്ര രംഗത്തുള്ള പ്രഗത്ഭർ പരിശീലനത്തിനു നേതൃത്വം നൽകും.  മനഃശാസ്ത്രജ്ഞനും പ്രളയബാധിത പ്രദേശത്തെ വികാരിയുമായ ഡോ. പോൾ കരേടൻ ഉദ്ഘാടനവും ആമുഖ പ്രഭാഷണവും നടത്തും. രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസിലെ ഡോ. എസ്.പി. രാജീവ്, കേരള ഹെൽത്ത് ആൻഡ് സയൻസിലെ സൈക്യാട്രിസ്റ്റ് ഡോ. പി. ആർ. അജീഷ് എന്നിവരും ക്ലാസുകൾ നയിക്കും.

എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ അജപാലന പദ്ധതി രൂപീകരണത്തിനു നേതൃത്വവും സമാപന സന്ദേശവും നൽകും. വിശദ വിവരങ്ങൾക്ക് ഫോൺ: 9400092982.